സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് 02-03-2016 ലെ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികളുടെ കോൺഫറൻസിലെ തീരുമാനം - ഏതാനും ഭേദഗതികൾ സംബന്ധിച്ച് -- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 87/12/Est-I** നന്തൻകോട്, **20/06/2016**

---

പരാമർശം :- 1) 28-03-2016 ലെ മേൽ നമ്പർ ഉത്തരവ്.
2) 01-04-2016 ലെ മേൽ നമ്പർ ഉത്തരവ്.
3) തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ 23-05-2016 ലെ കത്ത്.
4) ദേവസ്വം കമ്മീഷണറുടെ 29-05-2016 ലെ ROC 4606/16/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 02-03-2016 ലെ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികളുടെ കോൺഫറൻസിൽ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ വ്യവസ്ഥകളിൽ ഏതാനും ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഇതിനെതിരെ സൂചന 3 ആയി സമർപ്പിക്കപ്പെട്ട കത്തിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വിജിലൻസ് ആഫീസർ, അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ എന്നീ തസ്തികകളിൽ സീനിയർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ നിയമിക്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നുവെങ്കിലും പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ടി വ്യവസ്ഥ സംബന്ധിച്ച ഉത്തരവിനുമുൻപ് സമർപ്പിക്കപ്പെട്ടതിനാലും ജീവനക്കാർക്ക് അസൗകര്യമുണ്ടാകുമെന്നതിനാലും ആയത് അംഗീകൃത സംഘടനയുമായി ചർച്ച ചെയ്ത ശേഷമേ നടപ്പിലാക്കാവൂ എന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

സൂചന 4 റിപ്പോർട്ടിൽ സ്ഥലംമാറ്റത്തിന് അപേക്ഷകൾ സ്വീകരിച്ചശേഷം ടി രീതിയിൽ വ്യവസ്ഥ നിർദ്ദേശിക്കുന്നത് ജീവനക്കാർക്ക് അസൗകര്യമുണ്ടാക്കുമെന്നതിനാൽ ടി നിബന്ധന തൻവർഷത്തെ സ്ഥലംമാറ്റത്തിന് ബാധകമാക്കേണ്ടതില്ല എന്ന സംഘടനയുടെ ആവശ്യം പരിഗണനാർഹമാണെന്ന് അറിയിച്ചു.

ഇക്കാര്യം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്ത് സീനിയർ ഗ്രേഡ് ലഭിച്ച അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ മാത്രമെ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വിജിലൻസ് ആഫീസർ, അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ ആയി നിയമിക്കാവൂ എന്ന നിബന്ധന തൻവർഷത്തെ സ്ഥലംമാറ്റത്തിൽ ബാധകമാക്കേണ്ടതില്ലെന്ന് തീരുമാനിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും അയയ്ക്കുന്നു
3. പ്രസിഡന്റ്, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

E.D.P സെക്ഷൻ

SK